**സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 01.03.2017- ൽ നടന്ന യോഗത്തിന്റെ നടപടി വിവരം**

യോഗം ഉച്ച കഴിഞ്ഞ് **3.00** മണിക്ക് നിയമസഭാകോംപ്ലക്സിലുള്ള കോൺഫറൻസ് ഹാളിൽ (നം.**610**) ആരംഭിച്ചു. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.
പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **പൊതുവിഷയം**

1 സർക്കാർ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പാക്കാറുണ്ട്. ഇതിന്മേൽ ഓഡിറ്റ് വിഭാഗം കുറിപ്പെഴുതുമ്പോൾ സാധൂകരണത്തിനായി ഇനിമുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കോർഡിനേഷൻ കമ്മിറ്റിക്കു സമർപ്പിക്കാൻ പാടില്ല. പകരം താഴെപറയുന്ന രീതികൾ അവലംബിക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്

I. ഓഡിറ്റു കുറിപ്പുന്മേലുള്ള അപ്പീൽ ജില്ലാ തല ലോക്കൽ ഫണ്ട് ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്കു നൽകേണ്ടതാണ്. അതിനുശേഷമുള്ള അപ്പീലുകൾ സർക്കാരിനു നേരിട്ടു സമർപ്പിക്കണം.

II. എന്നാൽ നൂതന സ്വഭാവമുള്ള പ്രോജക്ടുകളുടെ ഭാഗമായോ / മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത കാര്യങ്ങളിലോ ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയാൽ അത്തരം വിഷയങ്ങൾ മാത്രം കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിനു സമർപ്പിക്കാവുന്നതാണ്.

2 കേരളവാട്ടർ അതോറിറ്റിക്കു പുറമെ ഉണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്ന് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കും ഗാർഹിക കണക്ഷൻ നൽകുന്നതിന് ധനസഹായം നൽകാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(എഫ്.എം) വകുപ്പ്

3 ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മഴമറ നിർമ്മിക്കുന്നതിന്
ച. മീറ്ററിന് 500/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകാവുന്ന താണ്. പരമാവധി 25,000/- രൂപയിൽ പരിമിതപ്പെടുത്തണം. കുറഞ്ഞത് 10 സ്ക്വയർ മീറ്ററെങ്കിലും ഉണ്ടായിരിക്കണം.
(നടപടി DA വകുപ്പ്)

4 ഐ.കെ.എം ൽ നിന്ന് പദ്ധതി പുരോഗതി റിപ്പോർട്ടും മറ്റ വിവരങ്ങളും കോർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് കൃത്യമായി എസ്.ആർ.ജിക്ക് നൽകുന്നില്ല എന്ന് വിലയിരുത്തി. കോർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ചേർക്കുന്നതിന് ഇത് കൃത്യമായും ഐ.കെ.എം. എസ്.ആർ.ജിക്ക് നൽകണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

5 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബി.എസ്.എൻ.എൽ. നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ ലഭ്യമായ മറ്റ ഏജൻസികളുടെ നെറ്റ് വർക്ക് സൗകര്യം ഉപയോഗിക്കാവുന്നതാണ്.

6 സാങ്കേതിക അനുമതി ലഭിക്കാത്ത നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം.

(നടപടി – ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി)

7 എരുമേലി ഗ്രാമപഞ്ചായത്തിൽ റോഡുവർക്കുകളടക്കം 251 നിർമ്മാണ പ്രവർത്തികളുണ്ട് എന്ന് ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി റിപ്പോർട്ടു ചെയ്തു. ഇത് അനുകരണീയമല്ലാത്ത മാതൃകയായണെന്നും ഇതൊഴിവാ ക്കേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു.

8 കിണർകുഴിക്കുന്നതിനുള്ള ചെലവ് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ അവതരിപ്പിച്ചു. ഇത് അനുയോജ്യമാണെങ്കിലും കൂടുതൽ വെള്ളം സംഭരിക്കുവാൻ ഉതകുമാറ് 1.5 മീറ്റർ, 2.00 മീറ്റർ റേഡിയസ് ഉള്ള കിണറുകളുടെ യൂണിറ്റ് ചെലവുകൂടി കണക്കാക്കി സമർപ്പിക്കാൻ യോഗം ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

(നടപടി- എൽ.എസ്.ജി.(എഫ്.എം) വകുപ്പ്)

9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം മുൻകൂറായി നൽകാമെന്ന് മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. അവസാന ഗഡു ഓവർസീയർ പരിശോധിച്ച് നൽകുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

10 ഉൾനാടൻ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് മാർഗരേഖയിൽ മത്സ്യ ബന്ധനത്തിനുള്ള വല നൽകുന്നതിന് പരമാവധി സബ്സിഡി തുക 2000/- രൂപയായി പട്ടികജാതി/പട്ടികവർഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ജനറൽ വിഭാഗത്തിനു കൂടി നൽകാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്തൃസമിതി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്ക് ടാർ വാങ്ങിക്കൊടുക്കുമ്പോൾ ടാറിന്റെ വിലയിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി പ്രത്യേക പ്രോജക്ട് തനത് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കി നൽകുന്നതിന് അനുമതി നൽകുന്നു.

12 പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീടുകളുടെ വയറിംഗ് നടത്തുന്നതിന് അനുവദനീയമായ സംബ്സിഡി തുകയായ 5000 രൂപ ഡെപ്പോസിറ്റായി അടവാക്കുന്ന പക്ഷം കെ.എസ്.ഇ.ബി. വയറിംഗ് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ഡെപ്പോസിറ്റായി കെ.എസ്.ഇ.ബി.യ്ക്ക് അടയ്ക്കുന്നതിന് അനുമതി നൽകുന്നു.

13 ജലനിധി പദ്ധതിയുടെ പഞ്ചായത്തുകളിൽ ജലനിധിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ, പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

## 1. പ്രത്യേക വിഷയങ്ങൾ

1. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 03.01.2017 ലെ EG12/119136/15-ാം നമ്പർ കത്ത്.

കോർപ്പറേഷനിലെ മാവൂർ റോഡ് ശ്മശാന പുനഃരുദ്ധാരണ പ്രവർത്തിക്ക് ബഹു. കോഴിക്കോട് നോർത്ത് എം.എൽ.എ 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് 26.00 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. (നം. 89/17) ഈ രണ്ടും കൂടി ഒറ്റ എസ്റ്റിമേറ്റായി PWD യിൽ ഡെപ്പോസ്റ്റ് ചെയ്തു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

***തീരുമാനം*** *–കൂടുതൽ തുകയും MLASDF ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.*

2. കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 09.01.2017 ലെ കത്ത്.

പട്ടികജാതി വികസനവകുപ്പ് വീട്ടറിപ്പയറിംഗിന് 50,000/- രൂപയും കക്കൂസ് നിർമ്മാണത്തിന് 25,000/- രൂപയുമാണ് നൽകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ നിരക്ക് ബാധകമാക്കണമെന്നതു സംബന്ധിച്ച്

***തീരുമാനം***- *13-ാം പഞ്ചവത്സരപദ്ധതിയുടെ പുതിയ മാർഗ്ഗരേഖയിൽ പരിഗണിക്കാൻ തീരുമാനിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

3 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.02.2017 ലെ കത്ത്.

1. 2016-17 വർഷം തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങാൻ 5.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക തികയാതെ വന്നതിനാൽ അധികമായി തനതുഫണ്ട് വകയിരുത്താൻ അനുമതി സംബന്ധിച്ച്.

2. 2016-17 വർഷം പദ്ധതി ആസൂത്രണ ചെലവുകൾക്ക് തുക വകയിരുത്താൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** – *അനുവദനീയമായ ഇവ ജില്ലാ ആസൂത്രണ സമിതി തലത്തിൽ തന്നെ പരിഹരിക്കേണ്ടതാണ്. ഇത്തരം വിഷയങ്ങൾ കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതില്ല എന്നു നിരീക്ഷിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

4 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2017 ലെ കത്ത്.

ഇടുക്കി ജില്ലയിൽ LSGD Executive Engineer ന്റെ പോസ്റ്റ് ഒഴിഞ്ഞു കിടന്നതിനാൽ നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനും നിർവ്വഹണത്തിനും കാലതാമസം ഉണ്ടായി. അതിനാൽ 2 ശതമാനം സെന്റേജ് ചാർജ്ജ് നൽകി സർക്കാർ അംഗീകൃത ഏജൻസിയെ നിർവ്വഹണ ചുമതല ഏല്പിക്കാൻ അനുമതി സംബന്ധിച്ചു.

***തീരുമാനം*** – *അനുമതി നിരസിച്ചു*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

5 കാറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.11.2016 – ലെ A2-2939/16-ാം നമ്പർ കത്ത്.

പഞ്ചായത്തിൽ 14-ാം വാർഡിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് വീടുവയ്ക്കാനായി 2008-11 വർഷങ്ങളിലായി 84 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ വാർഡിൽ ഇപ്പോൾ 5 പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. ഇനി ഒരു സങ്കേതം കൂടി അവിടെ വരുന്നതിന് പ്രദേശവാസികൾ എതിരാണ് എന്ന് ചൂണ്ടികാണിച്ച് ഇവിടെ ഒരു സാംസ്കാരിക നിലയം പണിയാൻ ഭരണസമിതി തീരുമാനിച്ചു. ഇതിനായി ജില്ലാ പഞ്ചായത്ത് 30.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സാംസ്കാരിക നിലയം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

*__തീരുമാനം__ –* *ഭവനനിർമ്മാണത്തിന് എസ്.സി.എസ്.പി ഫണ്ടുപയോഗിച്ച് വാങ്ങിയ സ്ഥലം മാറ്റാവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

6 ബഹു. കൊടുവള്ളി എം.എൽ.എ യുടെ 31.01.2017 ലെ 57/2017/KDLY കത്തും കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.01.2017 ലെ കത്തും.

കായികരംഗത്ത് കഴിവുള്ള കുട്ടികളെ കണ്ടെത്തുവാൻ 3.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ലഘുഭക്ഷണവും മറ്റുചിലവുകൾക്കുമായി 2.00 ലക്ഷം രൂപയും, സ്പോർട്സ് കിറ്റുകൾക്ക് 1.00 ലക്ഷം രൂപയും. ഇതിൽ രണ്ടു പരിശീലകർക്ക് പ്രതിദിനം 250/- രൂപ വച്ച് 100 ദിവസത്തേക്ക് 50,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണത്തിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

*__തീരുമാനം__ -* *അനുമതി നൽകുന്നു*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

7 കീരംപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.01.16 ലെ കത്തും 18.10.16 ലെ 8-ാം നമ്പർ ഭരണസമിതി തീരുമാനവും.

1. പഞ്ചായത്തിൽ 2009-10. 2010-11 കാലഘട്ടത്തിൽ എം എൻ ലക്ഷംവീട് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണം ആരംഭിച്ചവർ 2 ഗഡുക്കൾ വാങ്ങിയെങ്കിലും പണിപൂർത്തിയാക്കിയിട്ടില്ല. ഇപ്പോൾ എം.എൻ. ലക്ഷം വീടിന്റെ ധനസഹായതുക 2.00 ലക്ഷമായി വർദ്ധിപ്പിച്ചു. (10.12.2013 ലെ 3034/13/തസ്വഭവ ഉത്തരവുപ്രകാരം) ഈ വർദ്ധനവിന് ആനുപാതികമായി അവസാന ഗഡു തുക നൽകാൻ അനുമതി സംബന്ധിച്ച്.

2. ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ് പണി പൂർത്തിയാക്കിയവർക്ക് അവസാന ഗഡു നൽകാൻ അനുമതി സംബന്ധിച്ച്.

*__തീരുമാനം__ –* ക്രമ നമ്പർ 1. അനുമതി നൽകുന്നു.
ക്രമനമ്പർ 2. പ്രത്യേക അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

8. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2016 ലെ കത്ത്.

എസ്.എൽ.പുരം സദാനന്ദൻ സ്മാരക സംഗീത അക്കാദമി എന്ന പേരിൽ പഞ്ചായത്തിലെ കുട്ടികൾക്കും യുവജനങ്ങൾക്കുമായി സംഗീത ഉപകരണം കൈകാര്യം ചെയ്യുന്നതിന് 2011-12 മുതൽ പരിശീലനം നൽകുന്നു. എല്ലാ വർഷവും പരിശീലകർക്ക് 6 മാസത്തെ ഓണറേറിയം പദ്ധതി വിഹിതത്തിൽ നിന്നും 6 മാസത്തെ ഓണറേറിയം പഠിതാക്കളിൽ നിന്നും ഈടാക്കിയുമാണ് നൽകുന്നത്. ലോക്കൽഫണ്ട് ഓഡിറ്റ് ഇതിന്മേൽ വരുത്തിയ ചെലവിനെതിരെ കുറിപ്പെഴുതിയിരിക്കുന്നു. അഞ്ചു വർഷങ്ങളിലായി ആകെ ചെലവ് 5.19 ലക്ഷം രൂപ. ഇതിനു സാധൂകരണം സംബന്ധിച്ച്.

***തീരുമാനം –*** *പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

9. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.01.2017 ലെ കത്ത്.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അധികമായി 7.64 കോടി രൂപ വികസനഫണ്ടായി അനുവദിച്ചിട്ടുണ്ട്. ശ്മശാനങ്ങൾ, ആധുനിക അറവുശാലകൾ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റീസ് ഇവയ്ക്കായി പ്രോജക്ടുകൾ തയ്യാറാക്കാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 1.00 കോടിരൂപവരെയുള്ള സ്ഥലമേ വാങ്ങാൻ കഴിയൂ. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാനദണ്ഡം പാലിക്കാൻ ഈ തുകയ്ക്കുള്ള സ്ഥലം പലപ്പോഴും അപര്യാപ്തമാണ്. അതിനാൽ ഈ പരിധി 4.00 കോടി രൂപവരെയാക്കണമെന്നതു സംബന്ധിച്ച്.

***തീരുമാനം –*** *വകുപ്പുതലത്തിൽ തീരുമാനെടുക്കേണ്ടത്.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

10. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.01.2017 ലെ കത്തും 10.01.2017 ലെ 12 (26)-ാം നമ്പർ ഭരണസമിതി തീരുമാനവും

2007-08 മുതൽ സംഗീതം, നൃത്തം, ഉപകരണ സംഗീതം, ചിത്രരചന എന്നീ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് യവനിക കലാകേന്ദ്രത്തിനു ധനസഹായം നൽകിവരുന്നു. ഈ പ്രോജക്ടിൽ 12 മാസവും ഓണറേറിയം നൽകിയിരുന്നു. അതിനാൽ ഈ ചെലവിന്മേൽ ലോക്കൽഫണ്ടു വിഭാഗം കുറിപ്പെഴുതിയിട്ടുണ്ട്. ഇതിന്മേൽ സാധൂകരണം സംബന്ധിച്ച്.

***തീരുമാനം –*** *പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

11 മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.01.2017 – ലെ എ2-01/17-ാം നമ്പർ കത്തും 26.11.2016 ലെ 13-ാം നമ്പർ ഭരണ സമിതി തീരുമാനവും.

ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിന് പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. (നം. 116/17) എന്നാൽ സർക്കാർ അനുമതിയോടെ മാത്രമേ പ്രോജക്ട നടപ്പാക്കാവൂ എന്ന് വെറ്റിംഗ് ഓഫീസർ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

12 എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2016 ലെ ഡി.പി. 7-95/16-ാം കത്ത്.

പാടശേഖരസമിതികൾക്ക് കൊയ്ത്ത് മെതിയെന്ത്രം നൽകുന്നതിന് 93.00 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. മാർഗ്ഗരേഖയനുസരിച്ച് 25% ശതമാനം ഗുണഭോക്തൃ വിഹിതം വേണം. ഇതൊഴിവാക്കി നൽകാൻ അനുമതി സംബന്ധിച്ച്.

.

***തീരുമാനം*** – *അനുമതി നിരസിച്ചു. നെൽകൃഷിക്കു 2017-18 വർഷം മുതൽ ഗുണഭോക്തൃവിഹിതം 10 ശതമാനമായി കുറയ്ക്കുന്നത് പരിഗണിക്കാവുന്നതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ/ഡി.ബി) വകുപ്പ്)

13 എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2016- ലെ ഡി.പി.7 –95/16-ാം നമ്പർ കത്ത്.

സർക്കാർ മുമ്പ് പ്രഖ്യാപിച്ച അധിക ധനസഹായം ഉപയോഗിച്ച് ജില്ലയിൽ 10 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണം, ശ്മശാനം നിർമ്മാണം, അറവുശാല നിർമ്മാണം എന്നിവയ്ക്ക് 82.50 ലക്ഷം രൂപയുടെ പ്രോജക്ട ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. അധികതുക അനുവദിച്ച് പ്രോജക്ടിന് അംഗീകാരം നൽകുന്നതു സംബന്ധിച്ച്.

**തീരുമാനം –** *സംസ്ഥാന ആസൂത്രണ ബോർഡിൽ ലഭിച്ചിട്ടുള്ള ഇത്തരം പ്രോജക്ടുകൾ (ശ്മശാന നിർമ്മാണം, അറവുശാല) KIFB യിലേക്കു നൽകി ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്ന് ശുചിത്വമിഷൻ മുഖേന KIFB യിലേയ്ക്ക് അയയ്ക്കേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

14 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.02.17 ലെ എ-3187/16-ാം നമ്പർ കത്ത്.

60 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങൾക്കായി പോളിഹൗസ് രീതിയിൽ, കൃഷി നടത്തുന്നതിന് സായന്തനം – പോളീ ഹൗസ് എന്ന പ്രോജക്ടിന് പുതിയകോഡ് അനുവദിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം –** *പോളിഹൗസ് അല്ലെങ്കിൽ സമാന പ്രോജക്ടിന്റെ കോഡ് നൽകണം.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

15 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2017 ലെ കത്തും 09.02.2017 ലെ 8-ാം നമ്പർ ഭരണസിമിതി തീരുമാനവും

ബ്ലോക്കിലെ 60 വയസ്സിനുമുകളിലുള്ളവർക്ക് ഗ്രാമപഞ്ചാത്തുകളിലെ ഗവ. ആയുർവേദ ഡോക്ടർമാർ നൽകുന്ന ഇന്റന്റിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ മുഖേന ആയുർവേദ ഔഷധങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം –** *അനുമതി നിരസിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലെ ആയുർവേദ ആശുപത്രികളിൽ മരുന്നിന്റെ ദൗർലഭ്യമുണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിനു തുക കൈമാറുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

16. എടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2017 ലെ കത്ത്.

പിന്നോക്ക പഞ്ചായത്ത് എന്ന നിലയിൽ 2.00 കോടി രൂപ 30.11.2016 ലെ ഉത്തരവനുസരിച്ചു ലഭിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് എടുത്ത 4 പ്രോജക്ടുകളിലായി 36,16,891/- രൂപ ടെണ്ടർ മിച്ചം ഉണ്ട്. ഈ തുക ഉപയോഗിച്ച് മറ്റ് പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** – അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

17 കിളിമാനൂർ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 14.02.17 ലെ ബി.പി-4/271/17/MGNREGS

ബ്ലോക്കിന്റെ കീഴിലെ 8 ഗ്രാമപഞ്ചായത്തുകളിലെയും നീർത്തടമാസ്റ്റർ പ്ലാനിന്റെ കാലാവധി കഴിഞ്ഞു. ഹരിത കേരളവുമായി ബന്ധപ്പെട്ട് MGNREGS തുടങ്ങിയ പദ്ധതികളിൽ നീർത്തടാധിഷ്ഠിത പ്രവർത്തി ചെയ്യുവാൻ നീർത്തട മാസ്റ്റർ പ്ലാൻ പുതുക്കാൻ കാലതാമസം ഉണ്ട്. അതിനാൽ നിലവിൽ കാലാവധി കഴിഞ്ഞ നീർത്തട മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഏറ്റെടുക്കാത്ത പ്രവൃത്തികൾ നടപ്പാക്കാനുള്ള അനുമതി സംബന്ധിച്ച്.

***തീരുമാനം*** - *അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

18 കോരുത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2017 ലെ കത്ത്

ഫെറോ സിമന്റ് ടാങ്ക് നിർമ്മിക്കുന്നതിന് 20,000/- രൂപ സബ്സിഡി നൽകുന്നത് സംബന്ധിച്ച്

***തീരുമാനം*** – *നിലവിലെ സബ്സിഡി റേറ്റ് തുടരേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

19 അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2017 ലെ എ3-8055/16-ാം നമ്പർ കത്ത്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിന് കേരളത്തിനകത്ത് 25000/- രൂപയും കേരളത്തിനു പുറത്ത് 50,000/- രൂപയും സ്കോളർഷിപ്പ് നൽകാൻ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഇതിന്മേൽ താഴെപ്പറയുന്നവയിന്മേലുള്ള സ്പഷ്ടീകരണം സംബന്ധിച്ച്.

I. മെറിറ്റോറിയൽ വിദ്യാർത്ഥികൾ എന്നാൽ ഏതുതരം വിദ്യാർത്ഥികളാണ്?

തീരുമാനം- നിലവിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുള്ള സർക്കാർ എയ്ഡഡ്, സ്വാശ്രയ മേഖലകളിൽ പഠിക്കുന്ന കുട്ടികളെ പരിഗണിക്കാവുന്നതാണ്.

II. സർക്കാർ അഥവാ എയ്ഡഡ് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമാണോ അതോ മറ്റ് സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്നവർക്കും മുകളിൽ പറഞ്ഞ ആനുകൂല്യ ത്തിന് അർഹതയുണ്ടോ

തീരുമാനം –ആനുകൂല്യം നൽകാവുന്നതാണ്.

III. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമുഖേന ധനസഹായം ലഭിച്ചവർക്ക് ഇതിന് അർഹതയുണ്ടോ?

തീരുമാനം – പ്രോത്സാഹനം എന്നനിലയിലാണ് ഈ തുക നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്. അതിനാൽ തുക നൽകാവുന്നതാണ്.

IV. പട്ടികജാതി വകുപ്പിൽ നിന്നോ കോളേജിൽ നിന്നോ ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്ന് സാക്ഷ്യപത്രം വാങ്ങേണ്ടതുണ്ടോ?

**തീരുമാനം –** സാക്ഷ്യപത്രം വാങ്ങുന്നതിന് തടസ്സമില്ല. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നിഷേധിക്കാവുന്നതല്ല.

മുകളിൽ പറഞ്ഞത് ഈ വർഷത്തേക്കാണ് ബാധകമാക്കിയിരിക്കുന്നത്. മെറിറ്റോറിയസ് വിദ്യാർത്ഥികൾ ആരൊക്കെയെന്നതു സംബന്ധിച്ച് പട്ടികജാതി വികസനവകുപ്പ് നിശ്ചയിക്കുന്നതനുസരിച്ചാണ് തുടർന്ന് സഹായം നൽകേണ്ടത്.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

*20.* മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *21.02.2017* ലെ കത്തും *13.02.2017* –ലെ *22/14(2)*-ാം നമ്പർ ഭരണസമതി തീരുമാനവും

പാലിയേറ്റീവ് കെയർ പരിപാടിയുടെ ഭാഗമായി ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ആഴ്ചയിൽ *2* തവണ എന്ന രീതിയിൽ ഒരു വർഷത്തിൽ പരമാവധി *72* തവണയാണ് രോഗികൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. *01.11.2015* മുതൽ ഇത് മാസം ഒരു തവണവച്ച് വർഷം പരമാവധി *22* എന്ന തോതിൽ ആക്കി. ചെലവഴിക്കാവുന്ന തുക ഒരു വർഷം പരമാവധി *22,000/-* രൂപ. എന്നാൽ പഞ്ചായത്തിൽ *2016* ഡിസംബർ വരെ *54* ദിവസം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം രോഗികൾക്ക് നൽകി. ഒരു ഫിസിയോതെറാപ്പിസ്റ്റിന്

പ്രതിദിനം *1000/-* രൂപ വീതം *54000/-* രൂപ ചെലവഴിച്ചു. *01.11.2015* ന മുമ്പുള്ള സ്ഥിതി പുനസ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച്

***തീരുമാനം -*** *പ്രത്യേക അനുമതി ഈ വർഷത്തേക്ക് നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഇ.പി.എ) വകുപ്പ്)

*21* മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *16.02.2017* ലെ കത്ത്

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് കുടിവെള്ളം നൽകുന്ന ഗാർഹിക കണക്ഷന് പ്രോജക്ട് വച്ചിട്ടുണ്ട് (നം. *177/17).* മാർഗ്ഗരേഖ പ്രകാരം *KWA* കണക്ഷൻ എടുക്കുന്നവർക്കു മാത്രമാണ് ഗാർഹിക കണക്ഷൻ നൽകാവുന്നത്. ഗുണഭോക്തൃ സമിതിയുടെ കുടിവെള്ള പദ്ധതിക്കു കൂടി ഇതു ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(എഫ്.എം/ഡി.എ) വകുപ്പ്)

*22* ഗ്രാമവികസന കമ്മീഷണറുടെ *14.02.2017* ലെ *CRD/25/2017/ DP4-* നമ്പർ കത്തും പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ *05.12.2016* ലെ സി- *656/16-*ാം നമ്പർ കത്തും.

*2015 – 16* വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ (അടങ്കൽ *4.05* ലക്ഷം രൂപ), മേശയും കസേരയും ( അടങ്കൽ *4.00* ലക്ഷം രൂപ), പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നവർക്ക് ലാപ് ടോപ് (അടങ്കൽ *2.83* ലക്ഷം രൂപ) എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. *2016*-ലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പെരുമാറ്റച്ചട്ടമുണ്ടായതിനാൽഗുണഭോക്തൃ ലിസ്റ്റ് കിട്ടിയിട്ടില്ല. പ്രോ്ജക്ട നടപ്പാക്കിയില്ല. ഈ വർഷം സ്പിൽ ഓവറായി എടുത്തിട്ടുണ്ട്. പുതിയ മാർഗ്ഗരേഖയിൽ ഇത്തരം പ്രോജക്ടുകൾ ബ്ലോക്കു പഞ്ചായത്തുകൾ എടുക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രോജക്ട നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *മുകളിൽ പറഞ്ഞ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകൾ ബ്ലോക്കു പഞ്ചായത്ത് ഏറ്റെടുക്കരുതെന്ന നിബന്ധന പഴയ മാർഗ്ഗരേഖയിലും ഉള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ മുഖേന യോ ഗ്രാമപഞ്ചായത്തു നൽകുന്ന ഗുണഭോക്തൃലിസ്റ്റ് പ്രകാരമോ നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

23 കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ *21.02.2017* ലെ കത്തും *14.02.2017* ലെ *1(5)*-ാം നമ്പർ തീരുമാനവും.

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൽ മൂന്നുപേർ *2015–16* ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇവർക്ക് സഹായം നൽകിയില്ല. ഇവർക്ക് *2015-16* ൽ നൽകേണ്ട തുക നൽകാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

*24.* കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ *14.02.17* ലെ *KGPA/LCM/2017021404*-ാം നമ്പർ കത്ത്.

പദ്ധതി നിർവ്വഹണത്തിന്റെ തിരക്കായതിനാൽ *31.03.2017* വരെ ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലനം നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. സ്ഥലമാറ്റവും പകരം സംവിധാനമുണ്ടാക്കാതെയുള്ള പ്രമോഷനും നിർത്തി വെയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *1. പരിശീലനം സംബന്ധിച്ച 15.02.2017 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.*
*2.മറ്റ് വിഷയങ്ങൾ വകുപ്പുതലത്തിൽ സ്വീകരിക്കും.*

(നടപടി ഡയറക്ടർ KILA)

25 കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ *14.02.2017* ലെ *KGPA/LM/2017021403*-ാം നമ്പർ കത്ത്.

ഭക്ഷ്യസുരക്ഷാ നിയമം *2013* അനുസരിച്ച് തയ്യാറാക്കിയ മുൻഗണന പട്ടികയിൽ നിന്നും അനർഹരായവരെ പഞ്ചായത്ത് ഭരണസമിതി ഒഴിവാക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. അനർഹരെ ഒഴിവാക്കുമ്പോൾ അർഹരായവർ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവരെ ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവി ൽ അനുമതിയില്ല. ആയതിനാൽ ഈ ലിസ്റ്റിൽ ആവശ്യമായ ഭേദഗതി നിർദ്ദേശിക്കാനുള്ള അവകാശം കൂടി പഞ്ചായത്തുകൾക്ക് നൽകണമെന്നതു സംബന്ധിച്ച്.

***തീരുമാനം*** *–ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

*26.* ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. എ.ആർ. കണ്ണന്റെ *15.02.2017* – കത്ത്

താഴെപ്പറയുന്ന സൗകര്യങ്ങൾ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

I. എല്ലാ *KSRTC/*പ്രൈവറ്റ് ബസ്സുകളിലും സൗജന്യ യാത്രാപാസ്സ്

II. (2) എല്ലാ സ്വാകാര്യ ആശുപത്രികളിലും ചികിത്സിക്കാവുന്ന രീതിയിൽ 10.00 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

***തീരുമാനം -*** *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

**27.** എരമം- കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.01.2017-ലെ A2-408/17-ാം നമ്പർ കത്തും 22.12.2016-ലെ 175/16-ാം നമ്പർ ഭരണ സമിതി തീരുമാനവും

ശ്രീ. കെ.എം. അഹമ്മദ്കുട്ടി, പി.വി. ഹൗസ്, എടയന്നൂർ എന്ന ആൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

***തീരുമാനം -*** ഇതിന്മേൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

28 ഫറോക്ക് മുനിസിപ്പൽ ചെയർപേഴ്സൺന്റെ 31.01.2017-ലെ കത്തും 21.01.2017-ലെ 2(4) -ാം നമ്പർ തീരുമാനവും

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്

ചെരുപ്പ് നിർമ്മാണം (പ്രോ.നം. 16/17- തുക 18.00 ലക്ഷം രൂപ)

ചെരുപ്പ് നിർമ്മാണം ( SCSP. പ്രോ.നം. 19/17, തുക 5.00 ലക്ഷം രൂപ)

കാരുണ്യ അങ്കണവാടി ( പ്രോ.നം.60/17 –തുക 7.74 ലക്ഷം രൂപ)

***തീരുമാനം :-*** *സ്പിൽഓവർ പ്രോജക്ടുകൾ ഭേദഗതി ചെയ്യാവുന്നതല്ല.*

(നടപടി- എൽ.എസ്.ജി.(ഡി.എ. /ഡി.സി) വകുപ്പ്)

29. **കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2017-ലെ A9-389/2015-ാം നമ്പർ കത്ത്**

ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. അടങ്കൽ 104.00 ലക്ഷം രൂപ

***തീരുമാനം -*** *ബാങ്ക് ലിങ്ക്ഡ് ലോൺ ഉൾപ്പെടുത്തി റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

30. **കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 27.01.2017-ലെ കത്ത്**

കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് ബ്രെയ് ലി കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച് (സ്പിൽ ഓവർ പ്രോജക്ട്)

***തീരുമാനം -*** *അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

**31. ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2017-ലെ കത്ത്**

കുടുംബശ്രീ മുഖേന മഴമറ നിർമ്മാണ യൂണിറ്റ് ആരംഭിക്കാനുള്ള പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നല്കിയിട്ടുണ്ട്. എന്നാൽ മാർഗേരഖ പ്രകാരം മഴമറ നിർമ്മാണത്തിന് ധനസഹായം നൽകാൻ പറഞ്ഞിട്ടില്ല. ആയതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.

***തീരുമാനം -*** *പൊതുതീരുമാനം ഖണ്ഡിക 3 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

32. ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ **07.02.2017**-ലെ **33/17**-ാം നമ്പർ കത്തും കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ **13.12.2016**-ലെ **A4-3999/16(3)**-ാം നമ്പർ കത്തും.

വാർഷിക പദ്ധതിയിൽ പൊതു വിദ്യാലയങ്ങളിൽ ആറാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന പെൺകുട്ടികൾക്ക് 'ഷീ പാഡ്' എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. (നം.196/17- അടങ്കൽ 70200/- രൂപ) പാഡുകൾ, ഇൻസിനറേറ്റർ, അലമാര എന്നിവ വനിതാ വികസന കോർപ്പറേഷനിൽ നിന്ന് വാങ്ങി നൽകാനാണ് ഉദ്ദേശിക്കുന്നത്.

***തീരുമാനം –*** അനുമതി നൽകുന്നു. എന്നാൽ സർക്കാർ ഉത്തരവു പ്രകാരം സ്വയം നിർമ്മിതമായ ഉല്പന്നങ്ങൾ മാത്രമേ സർക്കാർ ഏജൻസിയിൽ നിന്നു ടെണ്ടർ കൂടാതെ വാങ്ങാവൂ. അല്ലാത്തവയാണെങ്കിൽ ടെണ്ടർ നടപടി പാലിക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

33 വാരാന്തപ്പള്ളി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 08.02.2017 ന്റെ എ3-6043/15-ാം നമ്പർ കത്തും 10.01.17 ലെ 68-ാം നമ്പർ ഭരണ സമിതിതീരുമാനവും (LGGD-DA2/100/2017 –LSGD)

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

***തീരുമാനം –*** *അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

34. മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ 08.12.2016 ലെ PW-7156/14-ാം നമ്പർ കത്ത് (LSGD/DC3/361/2017-LSGD)

മലപ്പുറം നഗരസഭാ പരിധിയിൽ വൈഫൈ പദ്ധതിക്കായി 1.41 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ റെയിൽ ടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്. 50.00 ലക്ഷം രൂപ 08.05.2015 ന് അഡ്വാൻസ് നൽകിയിരുന്നു. പദ്ധതി നഗരസഭയിൽ നടപ്പാക്കി. ഒരു വർഷത്തെ ചെലവ് 1.41 കോടി രൂപയാണ്. ഇതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം –** *സാധൂകരണത്തിനുള്ള ആവശ്യം നിരസിച്ചു. 15.02.17 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

35 കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.12.2016 ലെ ഇ1-2798/06-ാം നമ്പർ കത്തും 30.11.2016 ലെ 143 (36)/16-ാം നമ്പർ ഭരണസമിതി തീരുമാനവും (1112252/2017/LSG (OS)

"ജില്ലാ പഞ്ചായത്ത് കോമ്പൗണ്ട് ലാന്റ്സ്കേപ്പിംഗ് ശിൽപോദ്ധ്യാനം എന്ന പേരിൽ 2006-07 ൽ ഒരു പ്രോജക്ട് ഡി.പി.സി അംഗീകരിച്ചിരുന്നു (നം. 127/06-07- അടങ്കൽ 20.00 ലക്ഷം രൂപ) 17.75 ലക്ഷം രൂപ ചെലവഴിച്ചു. നിർമ്മാണ് ചുമതല കാനായി കുഞ്ഞിരാമനായിരുന്നു. ഇടയ്ക്ക് നിർമ്മാണ പ്രവർത്തനം മുടങ്ങി. 2013-ൽ സർക്കാർ 10.00 ലക്ഷം രൂപകൂടി തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ തുക ചെലവഴിച്ചില്ല. ഇപ്പോൾ ശില്പനിർമ്മാണം പൂർത്തിയാക്കാൻ ശില്പി തയ്യാറാണ്. 20.00 ലക്ഷം രൂപ കൂടി വേണമെന്ന് ശില്പി അറിയിച്ചിരിക്കുന്നു. ഈ വർഷം തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം –** *അനുമതി നൽകുന്നു. കാലതാമസം ഒഴിവാക്കാൻ ശില്പിയുമായി കരാർ വയ്ക്കേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

36. ഗ്രാമവികസന കമ്മീഷണറുടെ 14.12.16 ലെ 17742/ഡി.പി. 4/15/സി.ആർ.ജി. നമ്പർ കത്തും വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2013 ലെ സി- 1805/13(2)-ാം നമ്പർ കത്തും.

ബ്ലോക്ക് പഞ്ചായത്തിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രി വൃദ്ധ-വികലാംഗ കേന്ദ്രത്തിൽ കളിക്കോപ്പുകൾ, ഫിസിയോതെറാപ്പി മെഷീൻ, അലമാര എന്നിവ 2009-10 ൽ വാങ്ങി നൽകിയിരുന്നു. ആകെ ചെലവ് 1,25,350/- രൂപ. ഇതിന്മേൽ ഓഡിറ്റ് കുറിപ്പെഴുതിയതിനാൽ സാധൂകരണം സംബന്ധിച്ച്

***തീരുമാനം*** - *പരിഗണിച്ചില്ല. പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

37 റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.02.2017 ലെ 3/38/6/RPD/-206-17-ാം അ. ഔ കത്ത് (LSGD-DA1)/61/2017/LSGD)

തൈറബ്ബറിന്റെ ഇടയിൽ പഴവർഗ്ഗങ്ങളും പച്ചക്കറികളുമടക്കമുള്ള ഇടവിളകൾ കൃഷി ചെയ്യാനും അതുവഴി കർഷകർക്ക് കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുമെന്നുമാണ് കത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായസാധ്യതകൾ സംബന്ധിച്ച്

***തീരുമാനം*** - *13-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ ഇതുകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

38. സുൽത്താൻ ബത്തേരി മുനിസിപ്പൽ ചെയർമാന്റെ 06.09.2016-ാം നമ്പർ കത്ത് (LSGD-DC3/88/2017/LSGD)

2015-16 വർഷം മന്തംകൊല്ലി - ചപ്പക്കൊല്ലി റോഡ് പാച്ച് വർക്ക് എന്ന പ്രോജക്ട് (നം. 614/2015-16-അടങ്കൽ 4.50 ലക്ഷം രൂപ – തനതുഫണ്ട്) നടപ്പാക്കാൻ ഗുണഭോക്തൃസമിതിയുമായി കരാർ ഒപ്പിട്ടിരുന്നു. ഇതു ശ്രദ്ധിക്കാതെ 2016-17 വർഷം പ്രോജക്ട് ക്യാൻസൽ ചെയ്തു. എന്നാൽ ഇതറിയാതെ ഗുണഭോക്തൃ സമിതി പ്രവർത്തി പൂർത്തിയാക്കി. ഈ പ്രോജക്ട് സ്പിൽഓവർപ്രോജക്ടായി നിലനിർത്ത ണമെന്നത് സംബന്ധിച്ച്

***തീരുമാനം*** – *തൃപ്തികരമായി പ്രോജക്ട പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം കാണിച്ചുകൊണ്ട് തനതുഫണ്ട് ഉപയോഗിച്ച് പുതിയ പ്രോജക്ട് തയ്യാറാക്കി തുക നൽകുന്നതിന് അനുമതി നൽകുന്നു. നിർമ്മാണ സമയത്തു ബന്ധപ്പെട്ട എഞ്ചിനീയറുടെ സൂപ്പർവിഷൻ നടന്നിട്ടുണ്ട് എന്നുറപ്പ് വരുത്തണം.*

(നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

39 നഗരകാര്യ ഡയറക്ടറുടെ 24.11.16 ലെ ഡി.സി. 4-25899/16-ാം നമ്പർ കത്തും വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 16.11.16 ലെ എ2-11249/13-ാം നമ്പർ കത്തും (LSGD-DC3/291/2017-LSGD)

LED ബൾബുകൾ വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കാൻ അനുമതി സംബന്ധിച്ച്.

1. പ്രോ.നം. 208/17 95.00 ലക്ഷം രൂപ (തനതുഫണ്ട് 9.5 ലക്ഷം രൂപ, ഗുണഭോക്തൃവിഹിതം 85.00 ലക്ഷം രൂപ 10 ശതമാനം സബ്സിഡി)

2. പ്രോ.നം. 259/17 (എസ്.സി.എസ്.പി) 7,12,500/- രൂപ (എസ്.സി.എസ്.പി. വിഹിതം 3,56,250 ഗുണഭോക്തൃവിഹിതം 356250 രൂപ. 50ശതമാനം സബ്സിഡി) മാർഗ്ഗരേഖയിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *ഈ വർഷത്തേക്കുമാത്രമായി പ്രത്യേകാനുമതി നൽകുന്നു. പ്രോജക്ട് സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

40 കുമിളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ3-11520/16-ാം നമ്പർ കത്ത് (16.01.17) ൽ ലഭിച്ചത് (1152963/2017/o/o minister of LSGD)

കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *15.02.17 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ പൊതു നിർദ്ദേശം ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

41 ഗ്രാമവികസനകമ്മീഷണറുടെ 05.01.2017 ലെ 4016/DP4/15/CRD) നമ്പർ കത്തും പമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 09.02.2015 ലെ സി-150/2014-ാം നമ്പർ കത്തും (LSGD-DD2/18/2017-LSGD)

2010-11 ൽ രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്ന പ്രോജക്ട് നടപ്പാ ക്കിയിരുന്നു. (പ്രോ.നം. 16/11 അടങ്കൽ 1.50 ലക്ഷം രൂപ) ഇതിന്മേൽ ഓഡിറ്റ് കുറിപ്പെഴുതി. സർക്കാർ സാധൂകരണം സംബന്ധിച്ച്.

***തീരുമാനം –*** *പരിഗണിച്ചില്ല. പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

42 നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2017 ലെ എ2-161/17-ാം നമ്പർ കത്ത്.

മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾക്ക് ബാങ്ക് എൻഡ് സബ്സിഡി നൽകുന്നതിനുമുള്ള മാനദണ്ഡത്തിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് 6 മാസത്തിനു ശേഷമേ ധനസഹായം നൽകാവൂ എന്നുണ്ട്. ഗ്രൂപ്പുകൾ രൂപീകരിച്ച് 6 മാസത്തിനുശേഷം എന്ന നിബന്ധന ഒഴിവാക്കണമെന്നത് സംബന്ധിച്ച്.

***തീരുമാനം –*** *അനുമതി നിരസിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

43. വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.16 – ലെ എ2-102/16-ാം നമ്പർ കത്ത് (LSGD-FM3/356/2016-LSGD)

ടാങ്കറിൽ കുടിവെള്ള വിതരണം നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *15.02.2017 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.(എഫ്.എം) വകുപ്പ്)

44 പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.16 ലെ കത്തും 28.10.2016 ലെ 1 (7)-ാം നമ്പർ ഭരണ സമിതി തീരുമാനവും

2016-17 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ സർക്കാർ അനുമതി കൂടാതെ നടപ്പാക്കാവുന്നതല്ല എന്ന് പെർഫോമൻസ് ഓഡിറ്റ് വിഭാഗം ബ്ലോക്കു പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. അതിനാൽ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1. ഐ.എ.വൈ ഉണഭോക്താക്കൾക്ക് സോക്പിറ്റ് നിർമ്മാണത്തിന് ധനസഹായം (ജനറൽ)
(പ്രോ.നം. 11/17- അടങ്കൽ 8.85 ലക്ഷം രൂപ)
2. ഐ.എ.വൈ ഉണഭോക്താക്കൾക്ക് സോക്പിറ്റ് നിർമ്മാണത്തിന് ധനസഹായം (എസ്.സി.എസ്.പി) (പ്രോ.നം. 12/17. അടങ്കൽ7.60 ലക്ഷം രൂപ)

***തീരുമാനം –*** *അനുമതി നിരസിച്ചു.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

45 മുതകുളം ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.17 ലെ പി.333/17-ാം നമ്പർ കത്ത്

പ്ലാസ്റ്റിക് ഇ-വെയ്സ്റ്റ് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. അടങ്കൽ 19.5 ലക്ഷം രൂപ ടെണ്ടർ നൽകേണ്ട അവസാനദിവസം 27.02.17 ഉച്ചകഴിഞ്ഞ് 3.00 മണിവരെയായിരുന്നു. ആരും ഇ-ടെണ്ടർ സമർപ്പിച്ചിട്ടില്ല. 27.02.17 ൽ രണ്ടു ടെണ്ടർ നേരിട്ടു ലഭിച്ചു. അതിനാൽ ഇ-ടെണ്ടർ ഒഴിവാക്കി നേരിട്ടു ലഭിച്ച ടെണ്ടർ സ്വീകരിക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** – *അനുമതി നിരസിച്ചു. റീ ടെണ്ടർ വിളിക്കേണ്ടതാണ്.*

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

46 കോർഡിനേഷൻ കമ്മിറ്റിയുടെ 15.02.2017 ലെ യോഗനടപടി വിവരവും (ഖണ്ഡിക 3.47) പഞ്ചായത്തുഡയറക്ടറുടെ 01.03.2017 ലെ ജെ1-19410/2016-ാം നമ്പർ കത്തും.

മാണിക്കൽ പഞ്ചായത്തിൽ പ്ലാസ്റ്റിക് റിക്കവറി സെന്ററിന് ശാന്തിഗിരി ആശ്രമം വക 50 സെന്റ് സ്ഥലം ലീസിനെടുത്ത് പ്രവർത്തനം നടത്താൻ ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്ടിൽ ശാന്തിഗിരി ആശ്രമവുമായി എഗ്രിമെന്റ് വെക്കാൻ അനുമതി സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ പഞ്ചായത്തു ഡയറക്ടറെ 15.02.17 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിരുന്നു. ലീസ് എഗ്രിമെന്റ് കാലാവധി 20 വർഷമായി വർദ്ധിപ്പിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

***തീരുമാനം*** – *പ്രോജക്ട് പരിശോധനയും അംഗീകാരവും ജില്ലാ ആസൂത്രണ സമിതിതലത്തിൽ തന്നെ നടത്തേണ്ടതാണ്. മാലിന്യനിർമ്മാർജ്ജന പദ്ധതിയായതിനാൽ ലീസ് എഗ്രിമെന്റ് വയ്ക്കാൻ പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

47 എരുമേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2017 ലെ എ3-3942/15-ാം നമ്പർ കത്ത്

ലോകബാങ്ക് വിഹിതം ഉപയോഗിച്ച് രണ്ടു വൃദ്ധസദനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വൃദ്ധമന്ദിരം നിർമ്മിക്കേണ്ട ചുമതല ജില്ലാ പഞ്ചായത്തിനാണെന്ന് ചൂണ്ടികാച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. ഇതിനു സാധൂകരണം സംബന്ധിച്ച്

***തീരുമാനം*** – *പൊതുതീരുമാനം ഖണ്ഡിക 1 ബാധകമാണ്*

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

**48 മാനന്തവാടി നഗരസഭാ ചെയർമാന്റെ 20.02.2017 ലെ കത്ത്.**

മാനന്തവാടി നഗരസഭ TSP ഫണ്ടിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ മാനന്തവാടി ഗവ. യു. പി. സ്കൂളിലേക്ക് ഗോത്രസാരഥി പദ്ധതിയിൽ ഉൾപ്പെടുത്തി 28 ലക്ഷം രൂപ ചെലവാക്കി ബസ് വാങ്ങി നൽകുന്നതിന് അനുമതിയ്ക്ക അപേക്ഷിച്ചിരിക്കുന്നു. തുടർചെലവുകൾ PTA വഹിക്കുന്നതാണ്. DPC അംഗീകരിച്ചിട്ടുണ്ട്.

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി/ഡി.സി) വകുപ്പ്)

**49 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2017 ലെ പി 6 277/16 നമ്പർ കത്ത്.**

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി TSP യിൽ ഉൾപ്പെടുത്തി ഗോത്രായനം പദ്ധതിയിൽ ബസു വാങ്ങി വെള്ളിയോട് ഹയർ സെക്കണ്ടറി സ്കൂളിന് നൽകുന്നത് സംബന്ധിച്ച്. തുടർചെലവുകൾ PTA വഹിക്കുന്നതാണ്. DPC അംഗീകരിച്ചിട്ടുണ്ട്.

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

**50 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി ചെയർ മാന്റെ 25.02.2017 ലെ എ.1507/2014 നമ്പർ കത്ത് .**

തെരുവു വിളക്കുകൾക്ക് ആവശ്യമായ ബൾബുകളും, അനുബന്ധ ഉപകരണ ങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം -** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിളിക്കുന്ന ടെണ്ടറിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

**51 നെയ്യാറ്റിൻകര നഗരസഭ ചെയർപേഴ്സന്റെ 22.02.2017 ലെ ഇ2-3672/16 നമ്പർ കത്ത്.**

രാജീവ്ഗാന്ധി ഭവനനിർമ്മാണപദ്ധതി - 2015-16 വർഷത്തിൽ 8,80,00,000/- രൂപ വരുന്ന ബഹുവർഷ പ്രോജക്ടാക്കി ഏറ്റെടുത്തതാണ്. 2016-17 വർഷത്തിലെ അധികപദ്ധതി വിഹിതമായി ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ആവശ്യമായ തുക വകയിരുത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന്.

**തീരുമാനം -** സ്പിൽ ഓവർ പ്രോജക്ടായതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

52 **കാരശ്ശേരി പഞ്ചായത്ത് പ്രസിഡന്റിന്റെ 21.02.2017 ലെ എ2 3799/17 ാം നമ്പർ കത്ത്.**

കുമാരനെല്ലൂർ ഗവ. എൽ.പി. സ്കൂൾ MPLADS ൽ വാങ്ങിയ സ്കൂൾ ബസ്സിന്റെ ടാക്സും ഇൻഷുറൻസും പഞ്ചായത്തിലെ തനതുഫണ്ടിൽ നിന്നും നൽകുന്നതി നുള്ള അനുമതി.

**തീരുമാനം -** അനുമതി നിരസിച്ചു. വാഹനത്തിന്റെ തുടർചെലവുകൾ പൂർണമായും പി.ടി.എ. കമ്മിറ്റി വഹിക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

53 **കാരശ്ശേരി പഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2017 ന്റെ എ 2/3799/16 നമ്പർ കത്ത്.**

നിലവിലുള്ള വാഹനം ശുചീകരണ പ്രവൃത്തികൾക്ക് വിട്ടുകൊടുത്തുകൊണ്ട് പുതിയ വാഹനം വാങ്ങുന്നതിനും ദിവസവേതനത്തിന് ഡ്രൈവറെ നിയമിക്കു ന്നതിനുമുള്ള അപേക്ഷ.

**തീരുമാനം -** അനുമതി നിരസിച്ചു. ശുചീകരണപ്രവർത്തനങ്ങൾക്ക് വാടകയ്ക്ക് വാഹനം എടുക്കാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

54 **അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.2017 ലെ എ 3/ 643/17 നമ്പർ കത്ത്**

കുടിവെള്ള ക്ഷാമമുള്ള മേഖലകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടുലക്ഷത്തി എൺപതിനായിരം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതിയ്ക്കായുള്ള അപേക്ഷ.

**തീരുമാനം -** അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

55 **ചേമഞ്ചേരി പഞ്ചായത്ത് പ്രസിഡന്റിന്റെ 09.09.2017 ലെ കത്ത്.**

ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്കൂളുകളിൽ പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതിയ്ക്ക്. അടങ്കൽ തുക 1,65,043 രൂപ. പ്രോജക്ട് നമ്പർ 356/17.

**തീരുമാനം -** ടെണ്ടർ നിബന്ധനകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാവുന്ന താണ്.

(നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

**56 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.02.2017 ലെ എ3/545/2016 ലെ കത്ത്**

പി.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സം ഒഴിവാക്കി കിട്ടുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർ നോൺ അവെയില ബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ വിസമ്മിക്കുന്നതുമൂലമുള്ള തടസ്സം പരിഹരിക്കു ന്നതിന്.

**തീരുമാനം** - ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറും ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

57 പുലാമന്തോൾ പഞ്ചായത്ത് പ്രസിഡന്റിന്റെ **01.03.2017** ലെ കത്ത്.

നടപ്പുവാർഷിക പദ്ധതിയിൽ വന്നിട്ടുള്ള പ്ലാൻ ഫണ്ട് സേവിംഗ്സ് (World Bank, MG, CFC, Plan Fund) ൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന അതത് മേഖലകളിലെ പദ്ധതികളിലേക്ക് പ്രസ്തുത തുക മാറ്റുന്നതിനും, ഇതിലൂടെ ലഭ്യമാകുന്ന തനത്ഫണ്ട് മിച്ചം ഉപയോഗിച്ച് വരൾച്ചയെ നേരിടുന്ന പദ്ധതി കൾ ഏറ്റെടുക്കുന്നതിനുള്ള അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം** - മേഖലാ നിബന്ധനകളിൽ മാറ്റം വരുത്താതെ പുതിയ പദ്ധതികൾക്ക് തുക വകയിരുത്തുന്നതിന് പ്രത്യേക അനുമതി നൽകി.

(നടപടി- എൽ.എസ്.ജി.(ഡി.എ) വകുപ്പ്)

**58 ചേമഞ്ചേരി പഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.2017 ലെ കത്ത്.**

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ 1992 ൽ സ്ഥാപിച്ച മുത്താച്ചിക്കാവ് കുടി വെള്ള പദ്ധതിയിൽ ധാരാളം വെള്ളമുണ്ടെങ്കിലും വിതരണ കുഴലുകൾ കാല പ്പഴക്കത്താൽ പൊട്ടി വെള്ളം കിട്ടാത്ത അവസ്ഥയിലാണ്. നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇവ റിപ്പയർ ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി.

(നടപടി- എൽ.എസ്.ജി.(എഫ്.എം) വകുപ്പ്)

**59 തവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2017 ലെ എ3 653/16 നമ്പർ**

**കത്ത്.**

2016 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച് പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവനനിർമ്മാണം തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതിയ്ക്കായുള്ള അപേക്ഷ.

**തീരുമാനം** - അനുമതി നൽകുന്നു.

നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

60 **കേരളാ ഗ്രാമപഞ്ചായത്ത് അസോസ്സിയേഷൻ പ്രസിഡന്റിന്റെ 09.02.2017 ലെ കത്ത്**

കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ ദൗർലഭ്യം മൂലവും കരാറുകാർ ടെണ്ടറുകൾ എടുക്കാൻ വിസമ്മതിക്കുന്നതുമൂലവും ക്വാറി സമരം മൂലവും ടാറിന്റെ ലഭ്യത ഇല്ലായ്മ മൂലവും പദ്ധതി നിർവ്വഹണം പ്രതിസന്ധിയിലാണെന്ന് പറഞ്ഞിരിക്കുന്നു.

**തീരുമാനം** - നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ നടത്തേണ്ട താണെന്ന് തീരുമാനിച്ചു.

നടപടി- എൽ.എസ്.ജി.(ഡി.എ/ഡി.ബി) വകുപ്പ്)

61 **ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2007 ലെ പി.എൽ.4463/16 നമ്പർ കത്ത്.**

വെളിയനാട് ഗ്രാമപഞ്ചായത്ത് കുന്നങ്കരി ശ്മശാനം നവീകരണവും റോഡ് നിർമ്മാണവും പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയെങ്കിലും സൂപ്രണ്ടിംഗ് എഞ്ചിനീയർ നടപ്പാക്കാൻ തയ്യാറാകാത്തത് സംബന്ധിച്ച്

**തീരുമാനം** - സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടി ക്രമവിരുദ്ധ മാണെന്ന് നിരീക്ഷിച്ചു. അടിയന്തിരമായി പ്രവൃത്തി നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

62 **കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.01.2017 ലെ കത്ത്.**

ഒ.ഡി.എഫ്. പ്രഖ്യാപനത്തിനുശേഷവും അവശേഷിക്കുന്ന 26 കുടുംബങ്ങൾക്ക് വികസനഫണ്ടിൽ നിന്നും കക്കൂസ് നിർമ്മാണത്തിന് 13,400 രൂപ വീതം 3,48,400 രൂപ അനുമതി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം** - പ്രത്യേക അനുമതി നൽകുന്നു.

നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

63 **കടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.02.2017 ലെ എ 2 – 4218/16 നമ്പർ**

**കത്ത്.**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വീടുവെക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ട്.

**തീരുമാനം** - വിവാഹിതനാണെങ്കിൽ കുടുംബ റേഷൻകാർഡിൽ ഉൾപ്പെട്ട വ്യക്തിക്ക് വീട്ടു വയ്ക്കുന്നതിന് സ്ഥലം വാങ്ങുവാൻ അയാളുടെ പേരിൽ പ്രത്യേകമായി റേഷൻകാർഡ് ആവശ്യമില്ല.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

64 **ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.2017 ലെ കത്ത്.**

ഖരമാലിന്യപദ്ധതി തുമ്പൂർമൊഴി ബ്ലോക്ക് പരിധിയിലുള്ള വിവിധ ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂളുകളിൽ ശുചിത്വ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപ്പിലാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്

**തീരുമാനം** - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത സ്ഥാപന ങ്ങളിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ല എന്ന് നിരീക്ഷിച്ചു. ജില്ലാ പഞ്ചായത്താണ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി മേഖലയിലാണ് ഇത്തരം പ്രവൃത്തികൾ നടത്തേണ്ടത്.

(നടപടി- എൽ.എസ്.ജി.(ഡി.ഡി) വകുപ്പ്)

65 **കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.01.2017 ലെ കത്ത്**

തെരുവു വിളക്കുകളുടെ പരിപാലനത്തിനും ഇതരാവശ്യങ്ങൾക്കുമായി വാഹനം വാങ്ങുന്നത് സംബന്ധിച്ച്

**തീരുമാനം** - അനുമതി നിരസിച്ചു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

66 **കോട്ടയ്ക്കൽ എം.എൽ.എ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 01.03.2017 ലെ കത്ത്.**

കോട്ടയ്ക്കൽ നഗരസഭയിൽ നിലവിലുള്ള രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കേടുവന്ന മോട്ടോർ പുനഃസ്ഥാപിക്കുന്നതിനായി 17.25 ലക്ഷം രൂപ വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നതിന് അനുമതിയ്ക്ക് അപേക്ഷിച്ചിരുന്നു.

**തീരുമാനം** - പ്രശ്നത്തിന്റെ ഗൗരവം പരിഗണിച്ച് അടവാക്കുന്ന തുകയുടെ പുനഃക്രമീകരണം സംബന്ധിച്ച് ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മോട്ടോർ സ്ഥാപിക്കുന്നതിനാവശ്യമായ തുക വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിന് പ്രത്യേക അനുമതി നൽകി.

നടപടി- എൽ.എസ്.ജി.(ഡി.സി) വകുപ്പ്)

**67 കോട്ടയ്ക്കൽ എം.എൽ.എ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 01.03.2017 ലെ കത്ത്.**

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ പകൽവീട് പദ്ധതിയ്ക്ക് 2011-12 വർഷം വരെ സാമൂഹ്യനീതി വകുപ്പിൽ നിന്നും ഗ്രാന്റ് ലഭിച്ചിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച തുക 4,87,334 രൂപ ഓഡിറ്റ് വിഭാഗം തടസ്സപ്പെടുത്തിയിരിക്കുകയാണ്. തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം** - വയോജനക്ഷേമത്തിനായി തുക ചെലവഴിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്രസ്തുത പദ്ധതി മികച്ച രീതിയിൽ നടന്നു വരുന്നതാണെന്നാണ് മനസ്സിലാകുന്നത്. നടത്തിയ പ്രവൃത്തിക്ക് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

**68 താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

മാലിന്യ നിർമ്മാർജ്ജനത്തിന് വാഹനം വാങ്ങുന്നതിന് 2016- 17 പദ്ധതിയിൽ 7,39,000 രൂപ വകയിരുത്തിയിരുന്നു. സമഗ്രമായ ഒരു മാലിന്യ നിർമ്മാർജ്ജ നപദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന തായും ഈ വാഹനത്തിന്റെ ആവശ്യമായി വരുന്ന തുടർചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതില്ലാത്ത രീതിയിലാണ് നടപ്പിലാക്കാനുദ്ദേശി ക്കുന്നതെന്നും പ്രസിഡന്റിന്റെ കത്തിൽ പറഞ്ഞിട്ടുണ്ട്.

**തീരുമാനം** - തുടർചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തി വാഹനം വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

**69 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.02.2017 ലെ എ6-1353/2016 നമ്പർ കത്ത്.**

ജില്ലാ പഞ്ചായത്ത് പട്ടികജാതി കോളനിയിൽ മണ്ണുസംരക്ഷണ പ്രവർത്ത നങ്ങൾ ഏറ്റെടുക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് അപേക്ഷ.

**തീരുമാനം** - കൊല്ലം ജില്ലാ പഞ്ചായത്ത് പട്ടികജാതി കോളനികളിൽ നടപ്പി ലാക്കിവരുന്ന മണ്ണുസംരക്ഷണപ്രവൃത്തികൾ മാതൃകാപരമാണെന്നുള്ള വിലയി രുത്തലിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

70 **കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2017 ലെ ബി1-1505/15 നമ്പർ കത്ത്.**

2016-17 വർഷം ജില്ലാ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള റോഡ് മെയിന്റ നൻസ് ഫണ്ട് ഉപയോഗിച്ച് ദീർഘകാലം നിൽനില്ക്കുന്ന തരത്തിലുള്ള മെക്കാഡം ടാറിംഗ് ഏറ്റെടുക്കുന്നതിന് അനുമതിയ്ക്കായി അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം -** ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വീതിയുള്ള റോഡുകൾ ഗതാഗതത്തിരക്കും പ്രാധാന്യവും ഉള്ളവ, മറ്റ് പ്രധാന റോഡുകളുമായി പരസ്പരം ബന്ധിപ്പിക്കുന്നവ, മെക്കാഡം ടാറിംഗ് നടത്തുന്നതിന് അനുമതി നൽകി. ഇക്കാര്യത്തിൽ ആവശ്യമായ സത്വരമായ തുടർനടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർവ്വഹിക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

71 **എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 24.02.2017 ലെ കത്ത്**

എളവള്ളി ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പാടശേഖരത്തിലെ ഏകദേശം 184 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്തെ നെൽക്കൃഷി ഉണങ്ങിയും വീണും നശിച്ചത് കൊയ്തെടുത്ത് മാറ്റുന്നതിന് അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുന്നു

**തീരുമാനം** - നെൽക്കൃഷിക്കാർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി സർക്കാർ അംഗീകൃത നിരക്ക് നൽകി നെല്ല് കൊയ്തുമാറ്റുന്നതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

72 **തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.02.17 ലെ കത്ത്**

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ ജെ ബ്ലോക്ക് കായലിന് ചുറ്റുമുള്ള തോട്ടിൽ പോള തിങ്ങിയതിനാൽ 3500 ഏക്കറോളം വരുന്ന പാടശേഖരത്തിലേക്ക് പോകുവാൻ പറ്റാത്ത അവസ്ഥയുണ്ട്. ബോട്ട്ഗതാഗതം ഉൾപ്പെടെ മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പോള നീക്കം ചെയ്യുന്നതിനുള്ള അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുന്നു.

**തീരുമാനം** - നിലവിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് പോള നീക്കം ചെയ്യുന്നതിനുള്ള സർക്കാർ അംഗീകൃത നിരക്കനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നു. തനത് /വികസന ഫണ്ട് ഇതിലേക്കായി വിനിയോഗിക്കാവുന്നതാണ്.

(നടപടി- എൽ.എസ്.ജി.(ഡി.എ വകുപ്പ്)

73 **മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2016 ലെ കത്ത്**

മമ്പാട് അങ്ങാടിക്കടവിൽ റവന്യൂവകുപ്പ് ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമിൽ

ഉൾപ്പെടുത്തി നിർമ്മിച്ച ഇക്കുപാലം റിപ്പയർ ചെയ്യുന്നതിന് തുക വകയിരുത്തുന്നത് സംബന്ധിച്ച അപേക്ഷ.

തീരുമാനം - മമ്പാട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത പാലം ഉൾപ്പെടുത്തുവാനും ഇതിന്റെ റിപ്പയർ പ്രവൃത്തി പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തി KELL ഏജൻസിയെ ഏൽപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.(ഡി.ബി) വകുപ്പ്)

യോഗം വൈകുന്നേരം 6.45 ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ പ്ലാനിംഗ് ബോർഡ്
3. ശ്രീ. സി.വി. ജോയി, ശുചിത്വമിഷൻ (ഡി.ഓപ്പറേഷൻ)

4 ശ്രീമതി. എൻ. പ്രസന്നകുമാരി, ചീഫ് (ഐ./സി) ഡി.പി.ഡി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

5 ശ്രീ. പി. ബാലകിരൺ, ഡയറക്ടർ ഓഫ് പഞ്ചായത്ത്

6 ശ്രീ. പി.ആർ. സജികുമാർ , ചീഫ് എഞ്ചനീയർ. എൽ.എസ്.ജി.ഡി

7 ശ്രീ.വി.എസ്. സന്തോഷ്കുമാർ, അഡി. സി.ആർ.ഡി.

8 ശ്രീ.എസ്. ദിവാകൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ

9 ശ്രീ. റ്റി.കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ്

10 ശ്രീ.കെ.എ. അർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ

11 ശ്രീ.എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

12 ശ്രീ.കെ.പി. സാബു, ഡി.സി.ആർ,

13 ശ്രീ.എ.കെ. മോഹൻ കുമാർ, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

14 ഡോ. കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, സുചിത്വമിഷൻ

15 എൻ.കെ. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി

16 ശ്രീ. ക്ലീനസ്.ജെ. മാത്യൂ, ഡയറക്ടർ ഇൻ ചാർജ്ജ്, കെ.എസ്.എ.ഡി

17 ശ്രീ.ജി. ബിനുകുമാർ (ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.എ.ഡി)

18 ശ്രീ.എം.വി. അജിത്കുമാർ, ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്

19 ശ്രീ. സനീഷ്കുമാർ.കെ.കെ, റിസർച്ച് ഓഫീസർ, എസ്.സി.ഡി.ഡി

20 ശ്രീ. ഡി. രാജീവ് കുമാർ, ഫിനാൻസ് ഓഫീസർ, അർബൻ

ഓഫീസർ

21 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ